പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2792 — 27.01.2014 ലെ മറുപടിക്ക്

## 'സ്വയം പര്യാപ്തഗ്രാമം പദ്ധതി - വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 'സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ എം. എൽ.എ.മാർ നിർദ്ദേശിച്ച ഏജൻസികൾ ഏതെല്ലാമാണ്; ഓരോ ഏജൻസിക്കും അനുവദിച്ച സങ്കേതങ്ങളുടെ എണ്ണവും അനുവദിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തെ സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 17 ഏജൻസികളെയാണ് എം. എൽ. എ . മാർ നിർദ്ദേശിച്ചിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു.<br>1) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്<br>2) സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>3) ഗവ. വുഡ് വർക്ഷോപ്പ്<br>4) കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ.<br>5) ജില്ലാ നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം<br>6) കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.<br>7) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, പാലക്കാട്<br>8) ജില്ലാ നിർമ്മിതി കേന്ദ്രം, പത്തനംതിട്ട<br>9) ജില്ലാ നിർമ്മിതി കേന്ദ്രം, കോട്ടയം<br>10) ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്<br>11) ജില്ലാ നിർമ്മിതി കേന്ദ്രം, തൃശ്ശൂർ<br>12) ജില്ലാ നിർമ്മിതി കേന്ദ്രം, കാസർഗോഡ്<br>13) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.<br>14) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ<br>15) കേരള വാട്ടർ അതോറിറ്റി<br>16) പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ<br>17) കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ്<br><br>ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സമഗ്ര വികസനം ലക്ഷ്യമാക്കി സങ്കേതങ്ങളിൽ ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഏജൻസികൾക്ക് ആവശ്യമായ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും പ്രവർത്തി പരിചയവും ഉണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ഏജൻസികളുടെയും വിലയിരുത്തലുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കോളനിയുടെ സമഗ്രവികസനം ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഗതാഗതസൗകര്യം, കുടിവെള്ളം, വൈദ്യുതീകരണം, വീട് പുനരുദ്ധാരണം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശിച്ചിട്ടുള്ള ഏജൻസികൾക്കാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നല്കിയിട്ടുള്ളത്. |
| (സി) | ഏജൻസികൾക്ക് അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; അത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (സി) | എസ്റ്റിമേറ്റിന്റെ 25% തുക നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നല്കിവരുന്നു. ഓരോ പ്രാവശ്യവും അനുവദിക്കുന്ന തുകയുടെ 75% ചെലവഴിച്ച് വർക്ക് ബില്ലും, വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കുമ്പോൾ അടുത്ത ഗഡു അനുവദിക്കുന്നു. വർക്ക് പൂർത്തിയാക്കി അന്തിമ ബില്ല് സമർപ്പിക്കുമ്പോൾ അവസാന ഗഡു അനുവദിക്കുന്നു. ബന്ധപ്പെട്ട ജില്ലാ ഓഫീസർ വഴി തുകയുടെ വിനിയോഗം ഉറപ്പുവരുത്തുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**